ശ്രീമതി ദേവകീ ഗോപിദാസ്: അഞ്ചൽ ഡിപ്പാർട്ട്മെന്റിന്റെ സംയോജനക്കായ്യം പുരോഗമിച്ചിട്ടുണ്ടോ?

ശ്രീ. ടി കെ. നാരായണപിള്ള: ഇല്ല.

ശ്രീമതി ദേവകീ ഗോപിദാസ്: അഞ്ചൽ ജീവനക്കാരെ ഇൻഡ്യാ ഗവണ്മെന്റ് ഏറ്റെടുക്കുമ്പോൾ അവരുടെ ശമ്പളം തപാൽ ജീവനക്കാർക്ക് തുല്യമാക്കാൻ ഈ ഗവണ്മെന്റിൽനിന്നും വല്ല ശുപാർശയും ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അഞ്ചൽ ജീവനക്കാരുടെ ശമ്പളം മറ്റവർക്കൊപ്പം വർദ്ധിപ്പിക്കണമെന്ന് ഇൻഡ്യാ ഗവണ്മെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ. ഈപ്പൻ അറക്കൽ: ടെലിഫോൺ ജോലിക്കാരെ മദ്രാസ് ഗവണ്മെന്റിലേക്ക് എടുക്കുന്നതായി കേട്ടു. ഈ ഗവണ്മെന്റിനു വല്ല ഓർഡറും അതിനെപ്പറ്റി കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു വേറൊരു പ്രശ്നമാണ്. പ്രതിപാദ്യവിഷയം അതല്ല.

ബസ്സു് സർവ്വീസു്

*നമ്പർ. (൭) ശ്രീമതി. ദേവകീ ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) പല ബസ്സു് ലൈനുകളും ദേശവൽക്കരിക്കണമെന്നും സ്റ്റേറ്റു് ട്രാൻസ്പോർട്ടുബസ്സു് സർവ്വീസു് ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ടു് തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിന്റെ പല ഭാഗത്തുനിന്നു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) അവയെ സംബന്ധിച്ചു ഗവണ്മെൽറ്റു് എന്തു ചെയ്യണമെന്നു വിചാരിക്കുന്നു?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ലയിൻ ദീർഘിപ്പിക്കുന്നതിനെപ്പറ്റി ഗവണ്മെന്റിന്റെ അവസാനതീരുമാനത്തെ ആശ്രയിച്ചായിരിക്കും അവയുടെ നടപടി എടുക്കുന്നതു്.

ശ്രീമതി ദേവകീ ഗോപിദാസ്: ട്രാൻസ്പോർട്ട് ബസ്സിലേയും പ്രൈവറ്റു ബസ്സിലേയും ക്ലീനിനിരക്കു് വ്യത്യാസമുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്വല്പം വ്യത്യാസമുണ്ടു്.

ശ്രീമതി ദേവകീ ഗോപിദാസ്: ഏതാണു് കൂടുതൽ എന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയായ ഒരു കണക്കു് ഇപ്പോൾ പറയാൻ നിവർത്തിയില്ല.

ശ്രീ. എം. ഐ. പാറേ: ഇപ്പോഴത്തെ ഓവർലോഡിംഗ് ഇല്ലാതാക്കിയതിൽ പിന്നീടല്ലേ പുതിയ ലയിനുകൾ നീട്ടാനുദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: മിക്കവാറും അങ്ങനെ തന്നെയായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടീര അന്പൂക്കൻ : ട്രാൻസ്പോർട്ട് ഭേശവൽക്കരണം പാടില്ലെന്നു് കാണിച്ചു് ഗവണ്മെൻറിലേക്കു് വല്ല മെമ്മോറിയലും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ട്രാൻസ്പോർട്ട് ഭേശവൽക്കരിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു് ആലോചനാവിഷയമായിരിക്കുകയാണു്.

ശക്കര കയറ്റുമതി

*൩൯൨. (൱) ശ്രീമതി ദേവകീ ഗോപിദാസു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽനിന്നും ശക്കര കയറ്റുമതി ചെയ്യുന്നതിനെ ഗവണ്മെൻറ നിരോധിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ ശക്കരയുടെ വില ക്വിന്റലിനു് എത്രയിരിക്കുന്നതെന്നു പ്രയാണു്;

(സി) ശക്കരയുടെ വില കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഇൻഡ്യാഗവണ്മെൻറിന്റെ അനുവാദമോ അധികാരമോ ആവശ്യമാണോ;

(ഡി) വെളിയിൽനിന്നു ശക്കര ഇവിടെ ഇറക്കുമതി ചെയ്യുന്നുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) മന്നിനു വ്യ ൨/൭ (റാത്തൽ) ൨ ൨ രൂപ in Producing centres. അല്ലാത്ത സ്ഥലങ്ങളിൽ മന്നിനു് ൨൩ രൂപയായി വർദ്ധിച്ചിട്ടുണ്ടു്.

(സി) അനുവാദവും അധികാരവും ആവശ്യമാണു്.

(ഡി) ഉണ്ടു്.

ശ്രീമതി ദേവകീ ഗോപിദാസു് : ൧൯൫൰-ൽ എത്രമാത്രം ശക്കര ഇവിടെ ഇറക്കുമതി ചെയ്തിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനു് നോട്ടിസു് വേണം.

ജനസംഖ്യ വർദ്ധനവു്

*൩൯൩. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ഓരോ കൊല്ലവും എത്ര ശതമാനക്കണക്കിനാണു് ജനസംഖ്യവർദ്ധിച്ചുകൊണ്ടിരിക്കുന്നതു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ ജനസംഖ്യ വർദ്ധനവു് താഴെ പറയുന്ന കണക്കനുസരിച്ചാണു്.

൧൯൦൧—൧൧ : ൧൩ ശതമാനം
൧൯൧൧—൨൧ : ൧൦ ,,

LIBRARY ARCHIVES Kerala Legislative Assembly